**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **08-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾക്ക് കെ.എസ്.ആർ.ടി.സി. ബസ് സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നവംബർ മാസം മുതൽ സ്കൂളുകൾ തുറക്കാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് മാത്രമായി കെ.എസ്.ആർ.ടി.സി. ബസ് സൗകര്യം ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) | നവംബർ മാസം മുതൽ സ്കൂൾ തുറക്കുവാൻ നിശ്ചയിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നിലവിൽ തുടർന്നു വരുന്ന രീതിയിൽ കൺസഷൻ നിരക്കിൽ യാതൊരു വ്യത്യാസവും വരുത്താതെ ഓപ്പറേറ്റ് ചെയ്തു വരുന്ന ഓർഡിനറി ബസ്സുകളിൽ ക്രമപ്രകാരം യാത്രാ സൗകര്യം നൽകുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രത്യേക ബസ് ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് ബസ് ഓൺ ഡിമാന്റ് (BOND) പദ്ധതിയിൽ കുട്ടികൾക്ക് മാത്രമായി പ്രത്യേകമായി ബസ് നൽകുന്നതിന് പദ്ധതി തത്ത്വത്തിൽ ധാരണയായിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമുള്ള യാത്രാ സൗകര്യത്തിനായി ഏർപ്പെടുത്തിയ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ സ്കൂളുകളുടേയും ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവ അനുസരിച്ച് സ്കൂളുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഇത്തരത്തിൽ കുട്ടികൾക്ക് മാത്രമായ പ്രത്യേകം ബസ്സുകൾ പ്രത്യേക നിരക്ക് നിശ്ചയിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ബി) | എങ്കിൽ ആയതിന്റെ ചെലവ് എങ്ങനെയാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പ്രത്യേകമായി ഇത്തരം സ്കൂളുകൾക്ക് നൽകുന്ന ബസ്സുകൾ ആവശ്യപ്പെടുന്ന സ്കൂളുകൾ, പി.റ്റി.എ, മാനേജ്മെന്റ്, സർക്കാർ എന്നിവ വഴി ചെലവുകൾ കണ്ടെത്തുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ